**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 505** **30-01-2024 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ ഒ.പി.ബി.ആർ.സി പാക്കേജിൽ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ ഒ.പി.ബി.ആർ.സി പാക്കേജ് IV,V എന്നിവയിൽപ്പെട്ട റോഡുകൾ റിവൈസ് ചെയ്യുന്നതിനുള്ള അനുമതിക്കായി ധനകാര്യവകുപ്പിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 27/02/2020ലെ GO (Rt) No.28/2020/PWD നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ കോർ റോഡ് നെറ്റ് വർക്കുകൾക്കായി ഔട്ട് പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് മാനേജ്മെന്റ് കരാറുകൾ (OPBRC) നടപ്പാക്കുന്നതിനായി 7 വർഷത്തേയ്ക്ക് മൊത്തം 443.71 കി. മി റോഡിന് 223.15 കോടി രൂപയ്ക്ക് 5 പാക്കേജുകളിലായി ഭരണാനുമതി അനുവദിച്ചിരുന്നു. തുടർന്ന് 25/02/2022 തീയതിയിലെ GO (Rt) No.211/2022/PWD ഉത്തരവ് പ്രകാരം 443.71 കി. മി റോഡിന് 343.46 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും അനുവദിച്ചിരുന്നു. എന്നാൽ പാക്കേജ് IV & V എന്നിവയിലെ എസ്റ്റിമേറ്റ് കോസ്റ്റിൽ വർദ്ധനവ് വന്നതിനാൽ 443.71 കിലോമീറ്റർ റോഡിന് 359.77 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ CTE പരിശോധിക്കുകയും, ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിരീക്ഷണങ്ങൾക്ക് വിധേയമായി 359.77 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയ്ക്കുള്ള അനുമതി നൽകുകയും, ആയതിൻ പ്രകാരം 17/09/2022 തീയതിയിലെ GO (Rt) No. 938/2022/PWD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. OPBRC-IV & V എന്നിവയുടെ മൊത്തം എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവ് വന്നതിനാൽ IV & V പാക്കേജിലെ വർക്ക് ഒരുമിച്ച് ടെണ്ടർ ചെയ്യുന്നതിനായുള്ള പ്രൊപ്പോസൽ വീണ്ടും ലഭ്യമാക്കുകയും ആയതിന്മേൽ CTE അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതും ആയത് പരിശോധിച്ച് വരികയുമാണ്. |
| (ബി) | ഈ ഫയലിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ നിർദേശം എന്താണെന്ന് വിശദമാക്കാമോ; | (ബി) | OPBRC പാക്കേജിനേക്കാളും ഫലപ്രദവും സാമ്പത്തിക ലാഭവും റണ്ണിംഗ് മെയിന്റനൻസ് കോൺട്രാക്ട് ആണെന്ന് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ഇൻസ്പെക്ഷനിൽ കണ്ടെത്തിയതായി വിഭാഗം അഭിപ്രായപ്പെട്ടു. OPBRC I, II, III |

| | | | |
|---|---|---|---|
| | | | സ്കീമുകളുടെ പുരോഗതിയും ഫലവും സംയുക്ത പരിശോധനയിലൂടെ മനസിലാക്കിയതിന് ശേഷം, OPBRC രീതിയുമായി മുന്നോട്ട് പോകണമോ വേണ്ടയോ എന്ന് നയപരമായ തീരുമാനം എടുക്കാവുന്നതാണ്.<br><br>സർക്കാർ OPBRC IV, V മായി മുന്നോട്ട് പോകാൻ തീരുമാനിക്കുന്ന പക്ഷം ഇപ്പോൾ CE, KSTP ശുപാർശ ചെയ്ത പോലെ 2 പാക്കേജും സംയോജിപ്പിച്ച് ടെൻഡർ ചെയ്യാൻ ശ്രമിക്കുന്നത് അഭികാമ്യമല്ല. ഇങ്ങനെ ചെയ്യുന്ന പക്ഷം കോൺട്രാക്ടർമാരുടെ പങ്കാളിത്തം കുറയാനും, അതു മൂലം നിർവ്വഹണ ചെലവ് ഉയരാനും സാധ്യതയുണ്ട്. |
| (സി) | ഒ.പി.ബി.ആർ.സി പാക്കേജ് ഒഴിവാക്കി, റോഡുകൾ പൂർണ്ണമായി ബി.എം&ബി.സി ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ? | (സി) | ഒ.പി.ബി.ആർ.സി പാക്കേജ് ഒഴിവാക്കി റോഡുകൾ പൂർണമായി ബി.എം & ബി.സി ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ